# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 13-03-2010 മുതൽ 19-03-2010 വരെ)

## ക്ഷേത്രക്കുളത്തിൽ വീണ പാപ്പാനെ രക്ഷപെടുത്തി

28-2-2010 തീയതി രാത്രി തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നൂറുകണക്കിന് ആൾക്കാർ പങ്കെടുത്ത പരിപാടിക്കിടെ യാദൃശ്ചികമായി കാൽവഴുതി ക്ഷേത്രക്കുളത്തിൽ വീണ് മുങ്ങാൻതുടങ്ങിയ ആനപാപ്പാനെ രക്ഷപ്പെടുത്തി അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയ KAP-IV ബറ്റാലിയനിലെ പോലീസുകാരനായ സുബാഷ് സംസ്ഥാന പോലീസിന്റെ സൽപ്പേര് ഉയർത്തിപ്പിടിച്ചു. (KNR)

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ : Subash PC 6645, B.Coy, KAP IV BN

## ആറരക്കിലോ കഞ്ചാവുമായി നാലുപേർ അറസ്റ്റിൽ

13-3-2010 തീയതി വൈകി ആറുമണിയോടെ വടകര പോലീസിനു ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ വടകര ബസ്സ്റ്റാന്റ് പരിസരത്തുനിന്നും സതീശൻ, ശിവദാസൻ, അഷറഫ്, ഖാലിദ് എന്നിവരെ ആറരക്കിലോ കഞ്ചാവുമായി അറസ്റ്റുചെയ്തു.

(Cr. 324/10, KKD RL, Vadakara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Azad SI, Gr. HCs 5692 (Vijayan), 7723 (Gangadharan), PC 6835 (Yousaf), PC 6376 (Rajeevan), DVR HC 6124 (Surendran)

## നിരവധി കേസുകളിലെ പ്രതി അറസ്റ്റിൽ

നിരവധിപേരെ വെട്ടിപ്പരിക്കേൽപ്പിച്ച കേസുകളിലെ പ്രതിയും തിരുവനന്തപുരം റൂറൽ ഭാഗങ്ങളിൽ ഗുണ്ടായിസം നടത്തുകയും ചെയ്ത കേസ്സുകളിലെ പ്രതിയുമായ വട്ടിയൂർക്കാവ് കാഞ്ഞിരപ്പാറ സ്വദേശി കൊച്ചാപ്പി എന്നു വിളിക്കുന്ന ബിനുവിനെ 15-3-2010 തീയതി വൈകിട്ട് 5 മണിയോടുകൂടി നെടുമങ്ങാട് KSRTC ബസ് സ്റ്റാന്റ് പരിസരത്തുനിന്നും നെടുമങ്ങാട് പോലീസ് അറസ്റ്റുചെയ്തു.

(Cr. 305/08, TVM RL, Nedumangadu PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Pramod Kumar CI, Sri. Chandran SI, Sri. Binu ASI, PC 1367

## മോഷണ സംഘത്തിലെ രണ്ടുപേർ അറസ്റ്റിൽ

ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും മുപ്പതോളം പവനും മൂന്നുകിലോയോളം വെള്ളി ആഭരണങ്ങളും മോഷ്ടിക്കപ്പെട്ട വൻ കവർച്ചാ സംഘത്തിലെ രണ്ടുപേരായ കോട്ടയം വേളൂർക്കര സ്വദേശി റെയ്ഞ്ചർ ബാബു എന്ന രാജേന്ദ്രപ്രസാദിനെയും കാഞ്ഞിരപ്പള്ളി സ്വദേശി അൻസാരിയേയും 14-3-2010 തീയതി രാത്രി 11.45 മണിയോടെ ആലപ്പുഴ ടൗണിൽനിന്നും സൗത്ത് പോലീസ് അറസ്റ്റുചെയ്തു.

(Cr. 23110, ALPY, South PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. K. G. Aneesh SI, Sri. Sivankutty Gr. SI, Sri. Sivan ASI, PC s 4468, 4788, 9940

## ഷാപ്പിലെ കൊലപാതകം; ഏഴുപേർ അറസ്റ്റിൽ

കള്ളുഷാപ്പിൽ കറിക്കച്ചവടം നടത്തിവന്ന ആലപ്പുഴ പള്ളാത്തുരുത്തി സ്വദേശി മണിലാലിനെ 10-3-2010 തീയതി രാത്രിയിൽ അമ്മയുടെ മുന്നിലിട്ട് കുത്തി കൊലപ്പെടുത്തിയ സംഘത്തിലെ ഏഴുപേരായ രതീഷ്, രാഗേഷ്, രജീഷ്, റസീബ്, തൻസീർ, ശരത്, രാഗേഷ് എന്നിവരെ ആലപ്പുഴ സൗത്ത് പോലീസിന്റെ ഊർജ്ജിത അന്വേഷണത്തിന്റെ ഫലമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും മൂന്നു ദിവസംകൊണ്ട് അറസ്റ്റുചെയ്തു.

(Cr. 211/10, ALPY, South PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. P. V. Baby CI, K. G. Anish SI, Gr HC 3975, PCs 5354, 4788

## ഡ്രൈവിംഗ് സ്കൂൾ ജീവനക്കാരനെ മർദ്ദിച്ച് പണം കവർച്ച; ഒരാൾ പിടിയിൽ

ജഗതിയിലുള്ള കെ. ആർ. ഡ്രൈവിംഗ് സ്കൂളിലെ ജീവനക്കാരനായ ശ്രീവരാഹം സ്വദേശി സുരേഷിനെ 14-3-2010 തീയതി വൈകിട്ട് ആറുമണിയോടുകൂടി ജഗതിയിൽവച്ച് ആക്രമിച്ച് കൈവശമുണ്ടായിരുന്ന പണം തട്ടിയെടുത്ത സംഘത്തിലെ കുഞ്ഞുമോനെ 15-3-2010 തീയതി വൈകിട്ട് നാലുമണിയോടെ ജഗതി ഭാഗത്തുനിന്നും മ്യൂസിയം പോലീസ് അറസ്റ്റുചെയ്തു.

(Cr. 206/10, TVM City, Museum PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Suresh Babu SI, HC 7126, PC 1331

കുറിപ്പ് :- ജില്ലകളിൽ നിന്നും കൈമാറിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. താഴെപ്പറയുന്ന ജില്ലകളിൽനിന്നും ഒരു പ്രശംസനീയ കർത്തവ്യ നിർവ്വഹണ വിവരവും ലഭ്യമായിട്ടില്ല. കൊല്ലം, കോട്ടയം,ഇടുക്കി, കോട്ടയം, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം,കോഴിക്കോട് സിറ്റി, വയനാട്, കാസർഗോഡ്.

New Bank House 19.03.2010

To

The PS to Hon. Home Minister